പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1893 — 04.10.2011 ൽ മറുപടിക്ക്.

## ചലച്ചിത്ര അക്കാഡമി

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.)

(എ) സംസ്ഥാന ചലച്ചിത്ര അക്കാഡമിയെ പഠന കേന്ദ്രമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(എ) ഉണ്ട്.

(ബി) എങ്കിൽ അതിനായി എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ചലച്ചിത്ര അക്കാദമിക്ക് കിൻഫ്രയിലുള്ള രണ്ടേക്കർ സ്ഥലത്ത് ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായുള്ള ഒരു പ്രോപ്പോസൽ അക്കാദമി തയ്യാറാക്കി വരികയാണ്.

(സി) സിനിമയെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവർക്ക് ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്ന രീതിയിലുള്ള കേന്ദ്രമാക്കി അക്കാഡമിയെ മാറ്റുമോ ?

(സി) ഇപ്പോൾത്തന്നെ സിനിമയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്ന രീതിയിലാണ് അക്കാദമി പ്രവർത്തിച്ചുവരുന്നത്. ലൈബ്രറി, ആർക്കൈവ്സ്, വ്യൂവിംഗ് റൂം, ഡി.വി.ഡി കളക്ഷൻസ് എന്നിവ സിനിമയെ അറിയാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുണ്ട്. ഇത് കൂടുതൽ വിപുലമാക്കാനും അക്കാദമി ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ